**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 542** **11-07-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ഡോ. എം. കെ. മുനീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര വികസനത്തിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരളം സന്ദർശിക്കുന്ന വിദേശ സ്വദേശ വിനോദ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>സംസ്ഥാനത്തെ പ്രധാന ഡെസ്റ്റിനേഷനുകളുടെ പ്രൗഢി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായി കോവളം, ശംഖുമുഖം, വർക്കല, ഫോർട്ട് കൊച്ചി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി യഥാക്രമം രൂപാ 3,66,83,104/-, 2,01,48,812/-, 3,72,40,171/-, 2,82,07,491/- എന്നീ തുകകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാന ടൂറിസം കേന്ദ്രമായ കോവളത്ത് പദ്ധതി ടെൻഡർ ചെയ്തു. വർക്കല, മൂന്നാർ, മലമ്പുഴ എന്നിവിടങ്ങളിൽ വിപുലമായ പദ്ധതിക്ക് തീരുമാനമായിട്ടുണ്ട്. അതോടൊപ്പം ടൂറിസം വകുപ്പിന് കീഴിലുള്ള ഡെസ്റ്റിനേഷനുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡെസ്റ്റിനേഷനുകൾ ആകർഷകമാക്കുവാൻ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഫ്ലോട്ടിങ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ്, കയാക്കിംഗ്, സർഫിംഗ് തുടങ്ങിയ സാഹസിക വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ചു. പ്രാദേശിക ഡെസ്റ്റിനേഷനുകൾ വളർത്തിക്കൊണ്ടുവരുവാൻ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഓരോ പഞ്ചായത്തിലും ഒരു ഡെസ്റ്റിനേഷൻ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ കേരളത്തിലെ ടൂറിസം സാധ്യതകളുള്ള പുതിയ പ്രദേശങ്ങളെ (Unexplored |

| | | | |
|---|---|---|---|
| | | | Destination) കണ്ടെത്തി പ്രചരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാരവൻ ടൂറിസം, ഹെലി ടൂറിസം, സിനി ടൂറിസം, നൈറ്റ് ലൈഫ് ടൂറിസം, ലിറ്ററി ടൂറിസം സർക്യൂട്ട്, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ റിവർ ക്രൂയിസ്, പൈതൃക പദ്ധതികൾ തുടങ്ങിയ നൂതന പദ്ധതികളും നടപ്പിലാക്കി വരുന്നു. അതോടൊപ്പം ഉത്തരവാദിത്ത ടൂറിസം പദ്ധതികളുടെ ഭാഗമായി ജനപങ്കാളിത്തത്തോടെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. സ്ട്രീറ്റ്, വില്ലേജ് എക്സ്പീര്യൻഷ്യൽ ടൂറിസം, ഉത്തരവാദിത്ത ടൂറിസം ഗ്രാമം, സ്ത്രീ സൗഹാർദ്ദ ടൂറിസം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ മികച്ച ടോയ്‌ലറ്റ് സൗകര്യം ഉൾപ്പെടെ സാധ്യമാക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നു. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലോകോത്തര ടോയ്‌ലറ്റ് ബ്ലോക്കുകൾ സ്ഥാപിക്കുന്നതുവഴി മെച്ചപ്പെട്ട ശൗചാലയ സൗകര്യങ്ങൾ ഒരുക്കുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | പുതിയ വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി കേന്ദ്രം എന്തെങ്കിലും നിബന്ധന വച്ചിരുന്നുവോയെന്ന് അറിയിക്കുമോ; | (ബി) | പുതിയ വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടെങ്കിലും ഇതിനായി പ്രത്യേകമായി നിബന്ധനകൾ വച്ചിരുന്നില്ല. |
| (സി) | വിനോദസഞ്ചാര വികസനത്തിന് വേണ്ടി നിക്ഷേപം നടത്തേണ്ട സ്ഥലങ്ങളുടെ മുൻഗണന തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ; | (സി) | വിനോദസഞ്ചാര വികസനത്തിനായി നിക്ഷേപം നടത്താൻ കഴിയുന്ന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്ക്കരിക്കുകയും ടൂറിസം നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. ചില പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ചത്.<br><br>1. **ടൂറിസം സാധ്യത**: പ്രദേശത്തിന് വിനോദസഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കാൻ കഴിയുന്ന പ്രാചീനമൂല്യവും പ്രകൃതി സൗന്ദര്യവുമുള്ളതായ ഇടങ്ങൾ.<br>2. **തൊഴിൽ സൃഷ്ടി:** വിനോദസഞ്ചാര വികസനത്തോടെ പ്രാദേശികർക്ക് തൊഴിൽ അവസരങ്ങൾ നൽകാൻ കഴിയുന്ന സ്ഥലങ്ങൾ.<br>3. **അടിസ്ഥാന സൗകര്യങ്ങൾ**: സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | (റോഡുകൾ, ആക്സസ്, താമസ സൗകര്യങ്ങൾ എന്നിവ) ഉള്ള ഇടങ്ങൾ.<br>4. **സുസ്ഥിര വികസനം**: പരിസ്ഥിതി സംരക്ഷണവും സുസ്ഥിരതയും ഉറപ്പാക്കുന്ന രീതിയിൽ വികസനം നടത്താനാകുന്ന ഇടങ്ങൾ.<br>5. **സാമൂഹ്യ-സാംസ്കാരിക പ്രാധാന്യം**: പ്രാദേശിക കലകളും പൈതൃകവും പ്രോത്സാഹിപ്പിക്കുന്ന സ്ഥലങ്ങൾ.<br>6. **സുരക്ഷാ മാനദണ്ഡങ്ങൾ**: വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉള്ള ഇടങ്ങൾ. |
| (ഡി) | പ്രസ്തുത വിഷയത്തിൽ മലബാർ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ; വിശദമാക്കുമോ? | (ഡി) | മലബാറിലെ ടൂറിസം വികസനം സാധ്യമാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നിലപാടാണ്. കേരളത്തെയാകെ ഒരു ടൂറിസം കേന്ദ്രം ആക്കി മാറ്റുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതികൾ ആവിഷ്കിരിക്കുമ്പോൾ മലബാറിനും മതിയായ പരിഗണന നൽകാറുണ്ട്.<br><br>**നിലവിൽ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ**<br><br>1. മലബാർ ലിറ്ററി സർക്യൂട്ട്: മലബാർ പ്രദേശത്തെ സാഹിത്യ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്.<br>2. മലബാർ റിവർ ക്രൂയിസ്: നദീ ക്രൂയിസ് ടൂറിസം വികസനത്തിന്.<br>3. ബീച്ച് ടൂറിസം വികസനം: മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് സമഗ്ര വികസനം.<br>4. ബേപ്പൂർ വാട്ടർ ഫെസ്റ്റ്<br>5. ചാമ്പ്യൻ ബോട്ട് ലീഗ് മൽസരങ്ങൾ മലബാറിലും വ്യാപിപ്പിച്ചു.<br>6. മലബാർ കയാക്കിംഗ് & റിവർ ഫെസ്റ്റ്<br>7. കയാക്കിംഗ് പരിശീലന കേന്ദ്രം<br>8. സർഫിംഗ് പരിശീലന കേന്ദ്രം. ഗോദീശ്വരം ബീച്ച്<br>9. മലബാറിലെ തീര മേഖലകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ്<br>10. ബേക്കൽ ടൂറിസത്തിന് പുതിയ പദ്ധതികൾ<br>11. ബേക്കലിൽ ടൂറിസം വില്ലേജ് പദ്ധതി<br>12. കെ.റ്റി.ഡി.സി.-യുടെ നേതൃത്വത്തിൽ കാരവൻ പാർക്ക്<br>13. ബേക്കലിൽ ഹോട്ടൽ സമുച്ചയങ്ങൾ<br>14. പൊന്നാനി നിള മ്യൂസിയം<br>15. വയനാട് ടൂറിസത്തിൽ വൻ കുതിപ്പ് |

| | | | |
|---|---|---|---|
| | | | 16. ‘എൻ ഊര് ‘ ഗോത്ര പൈതൃക ടൂറിസം പദ്ധതി<br>17. തലശ്ശേരി ഹെറിറ്റേജ് പദ്ധതി<br>18. കോഴിക്കോട് നഗര ഇല്യൂമിനേഷൻ പദ്ധതി<br>19. വയനാട് കേന്ദ്രീകരിച്ച് പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ<br>20. മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ പരിചയപ്പെടുത്താനുള്ള FAM പരിപാടി<br>21. പൊന്നാനിയിലെ പൈതൃക ടൂറിസം പദ്ധതി |

സെക്ഷൻ ഓഫീസർ